# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P3/1566 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 27/05/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P3/1566 /2021 തീയ്യതി: 27/05/2022

## കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 11-10-2021 | 01-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 11-10-2021 | 01-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. മനു. കെ. നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജി. അമ്പിളി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനു. കെ. ആനന്ദ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീജ നൗഷാദ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| തോമസ് ഉമ്മൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 25-11-2019 |
| അനീഷ്.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 26-11-2019 | 31-03-2020 |
| ആൻ നെപ്പോളിയൻ | കൃഷി ഓഫീസർ | 01-04-2019 | 17-11-2019 |
| ഷോണി.എസ്.പി | കൃഷി ഓഫീസർ | 18-11-2019 | 31-03-2020 |
| ഡോ.മാലിനി | വെറ്റിനറി സർജ്ജൻ | 01-04-2019 | 15-08-2019 |
| അപ്സര | വെറ്റിനറി സർജ്ജൻ | 16-08-2019 | 31-03-2020 |
| ഡോ.അനിത | മെഡിക്കൽഓഫീസർ സി എച്ച്സി | 01-04-2019 | 31-03-2020 |
| ഡോ.ഹരികുമാർ നമ്പൂതിരി | മെഡിക്കൽഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| മുഹമ്മദ് സാലിഹ് | വി ഇ ഒ | 01-04-2019 | 02-12-2019 |
| ബിന്ദു.ജെ | വി ഇ ഒ | 03-12-2019 | 31-03-2020 |
| ബിന്ദു.എസ് | വി ഇ ഒ | 01-04-2019 | 31-03-2020 |
| എം. ആർ. ഷെരീഫ് | സെക്രട്ടറി | 01-04-2019 | 14-07-2019 |
| എം. അനിൽകുമാർ | ജെ എസ് (സെക്രട്ടറിയുടെ അധിക ചുമതല) | 15-07-2019 | 22-07-2019 |
| അനീഷ്.എസ് | ജെ എസ് (സെക്രട്ടറിയുടെ അധിക ചുമതല) | 23-07-2019 | 27-07-2019 |
| എം. ആർ. ഷെരീഫ് | സെക്രട്ടറി | 28-07-2019 | 31-07-2019 |
| ഷൈനി. ബി. എസ് | സെക്രട്ടറി | 01-08-2019 | 31-03-2020 |
| ഷാരോൺ ബിൻ റഷീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സോഫ്ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 31-03-2020 |
| അനീസാറാണി. എ. എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 09-10-2019 |
| അമ്പിളി. പി. വി | ഐ.സി.ഡി.എസ്. | 10-10-2019 | 31-03-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ചന്ദ്രമോഹനൻപിള്ള | എച്ച് എം | 01-04-2019 | 06-06-2019 |
| ശ്രീകുമാർ | എച്ച് എം | 07-06-2019 | 31-03-2020 |
| റിയാസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 15-03-2020 |
| മനോജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-03-2020 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: G.Ambili (Senior Grade Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: G.Ambili (Senior Grade Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: G.Ambili (Senior Grade Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: G.Ambili (Senior Grade Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: G.Ambili (Senior Grade Auditor, On 24-05-2022)<br>Last Updated By: G.Ambili (Senior Grade Auditor, On 24-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: G.Ambili (Senior Grade Auditor, On 28-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Anu K.Anand (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: G.Ambili (Senior Grade Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Anu K.Anand (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Anu K.Anand (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-10 |
| 13 | സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല<br>Written By: Anu K.Anand (Auditor, On 02-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-11 |
| 14 | പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം<br>അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.<br>Written By: Anu K.Anand (Auditor, On 02-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-12 |
| 15 | വസ്തു നികുതി കുറവായി ഈടാക്കി<br>Written By: Anu K.Anand (Auditor, On 05-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-13 |
| 16 | കോൺട്രിബ്യൂട്ടറി പെൻഷൻ -ഈടാക്കി ഒടുക്കു വരുത്തിയില്ല<br>Written By: Manu K Nair (Asst. Audit Officer, On 03-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-14 |
| 17 | ലൈഫ് ഭവനപദ്ധതി പണി പൂർത്തീകരിച്ചില്ല | 1-15 |

| | | |
|---|---|---|
| | Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | |
| 18 | വീടു മെയിന്റനൻസ് പണി പൂർത്തീകരിച്ചിട്ടില്ല<br>Written By: G.Ambili (Senior Grade Auditor, On 01-11-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 1-16 |
| 19 | ഔദ്യോഗിക വാഹനത്തിലെ ഇന്ധനം ഉപയോഗം സംബന്ധിച്ച്<br>Written By: Manu K Nair (Asst. Audit Officer, On 02-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-17 |
| 20 | കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 11265/- രൂപ നിരാകരിക്കുന്നു.<br>Written By: Manu K Nair (Asst. Audit Officer, On 04-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-18 |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Naveen Chandran (Audit Officer, On 06-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-19 |
| 22 | വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ട്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.<br>Written By: Manu K Nair (Asst. Audit Officer, On 04-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-20 |
| 23 | ബഡ്സ് സ്കൂൾ ടീച്ചറായി യോഗ്യതയില്ലാത്തവരെ നിയമിച്ചു.<br>Written By: Manu K Nair (Asst. Audit Officer, On 02-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-21 |
| 24 | സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ പ്രോജക്റ്റിൽ സബ്സിഡി തുകയും,ബാക്കി തുകയും ലഭിച്ചില്ല.<br>Written By: Manu K Nair (Asst. Audit Officer, On 04-11-2021)<br>Last Updated By: Naseer S (Computer Assistant, On 23-05-2022) | 1-22 |
| 25 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല<br>Written By: Manu K Nair (Asst. Audit Officer, On 05-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-23 |
| 26 | നടത്താത്ത പദ്ധതിക്കായി തുക ചെലവഴിച്ചു<br>Written By: G.Ambili (Senior Grade Auditor, On 06-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | നടത്താത്ത പദ്ധതിക്കായി തുക ചെലവഴിച്ചു<br>Written By: G.Ambili (Senior Grade Auditor, On 06-11-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Manu K Nair (Asst. Audit Officer, On 05-11-2021) | |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Manu K Nair (Asst. Audit Officer, On 31-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Manu K Nair (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 24-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23-02-2019 തീയതിയിലെ 1 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 10-06-2020 | - | - |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

1) അംഗണവാടി ന്യൂട്രീഷൻ ജനറൽ & SCP എന്നിവയുടെ സുലേഖ പ്രകാരമുള്ള ചെലവ് 25,00,000/- രൂപയും അക്കൗണ്ട്സ് പ്രകാരം പൂജ്യവും ആണ്.

2) സർക്കാർ ഉത്തരവ് പ്രകാരം തിരിച്ചടയ്ക്കേണ്ടിയിരുന്ന ഡബ്ല്യു.ജി.ഡി.പി. ഫണ്ട് നാളിതുവരെ തിരിച്ചടച്ചില്ല.

3) സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്കിൽ നിന്നും ലഭിച്ച ഫണ്ട് വിനിയോഗങ്ങൾ സുലേഖാ സാംഖ്യ സ്റ്റേറ്റ്മെന്റുകളുമായി പൊരുത്തപ്പെടുന്നില്ല.

4) സുലേഖാ സ്റ്റേറ്റ്മെന്റിൽ സോഴ്സ് ഡിഡക്ഷൻ വന്ന 241/- രൂപയുടെ ചെലവ് ഉൾപ്പെട്ടില്ല.

5) സംയുക്ത പ്രോജക്റ്റിനായുള്ള ഫണ്ട് വിനിയോഗത്തിൽ പ്രോജക്റ്റ് നം 38 ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വാർഷികകണക്കുകൾ പ്രകാരമുള്ള ബ്ലോക്കുവിഹിത ചെലവുകൾ 2,50,000/- രൂപയും (ഹെഡ് നം. 320700204) സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം 50,200/- രൂപയും ആണ്.

6) അംഗണവാടി കേന്ദ്രവിഹിതം ആകെ ചെലവ് 13,06,733/- രൂപയാണ്. സുലേഖയിൽ 7,00,000/- രൂപ മാത്രമാണ് രേഖപ്പെടുത്തിയത്.

7) പോസ്റ്റ് ഷിഫ്റ്റിംഗിനായി ചെലവഴിച്ച തുക വാർഷിക കണക്കുകളിൽ പ്രതിഫലിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14506160/- രൂപ |
| വരവ് | 81992152/- രൂപ |
| ആകെ | 96498312/- രൂപ |
| ചെലവ് | 86121605/- രൂപ |
| നീക്കിയിരിപ്പ് | 10376707/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 65000/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1735036/- രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15638000/- | 15638000/- | 15017755/- | 620245/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8132000/- | 8132000/- | 3483693/- | 4648307/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 11953947/- | 11953947/- | 9860228/- | 2093719/- |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 13884000/- | 13884000/- | 5049863/- | 8834137/- |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 4559000/- | 4559000/- | 2878232/- | 1680768/- |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
| സമ്പൂർണ്ണശുചിത്വം | 1252758/- | 57399/- | 1310157/- | 610699/- | 699458/- |
| ലൈഫ് മിഷൻ- സ്റ്റേറ്റ് ഷെയർ | 0 | 97,00,000/- | 97,00,000/- | 9170,000/- | 530,000/- |
| കാവുമലസുബ്രഹമണ്യൻ സ്വാമി ക്ഷേത്രം നവീകരണം | 0 | 500000/- | 500000/- | - | 500000/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 2321031/- | 1001952/- | 3322983/- | 1306733/- | 2016250/- |
| MNREGS | 41086/- | 2238801/- | 2279887/- | 2275326/- | 4561/- |
| ശുചിത്വമിഷൻ | 687000/- | 432000/- | 1119000/- | 891000/- | 228000/- |
| WGDP | 1300380/- | 52015/- | 1352395/- | 0 | 1352395/- |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 108896006 | 122 | 60843957 | - | 25 | 83% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 41086 | 2238801 | 2279887 | 2275326 | 4561 |
| ഉണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 57708253 | 57708253 | 57708253 | 0 |
| ആകെ | 41086 | 59947054 | 59988140 | 59983579 | 4561 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഉണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 283920 | 143 |
| കർഷകതൊഴിലാളി പെൻഷൻ | 1223400 | 365 |
| വിധവാപെൻഷൻ | 4614000 | 1396 |
| വാർദ്ധക്യകാലപെൻഷൻ | 7741500 | 2333 |
| വികലാംഗപെൻഷൻ | 1581000 | 450 |
| 50വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 57600 | 20 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധന സഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3549/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ച്ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.
ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.10.2020 | 04/20-12/20 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.02.14-3.3.2014 | 2008/09-2012-13 | 11.04.2014 |

1-11 സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 204, 205 വകുപ്പുകൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ അല്ലെങ്കിൽ സ്വകാര്യമായ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്താവുന്നതാണ്. എന്നാൽ സ്ഥാപനത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടില്ല.

എ. തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് 2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, വെളിനല്ലൂർ | I & II |
| 2. | മാർക്ക് ആർക്കിടെക്ചർ കോളേജ്, റോഡ് വിള | I & II |
| 3 | ഓയൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 15, 16, 17, 19, 27 നം. കടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഒഴികെയുള്ള സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി | I & II |

ബി. ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടില്ല .

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ, വെളിനല്ലൂർ | I & II |
| 2. | മാർക്ക് ആർക്കിടെക്ചർ കോളേജ്, റോഡ് വിള | I & II |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കടയുടമകൾക്ക് നോട്ടീസ് നൽകി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. അപ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 5/27.10.2021

1-12 പാലിന് സബ്സിഡി-തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം അനുവദനീയമായതിലും അധിക നിരക്കിൽ നല്കി.

ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ നിരക്കിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ്സിഡിയായി നൽകാമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഡയറി ഫാം ഇൻസ്പെക്ടർ നിർവഹണം നടത്തിയ പാലിന് സബ്സിഡി എന്ന പ്രോജക്ട് പ്രകാരം(പ്രോ നം. 02/19-20) 2019 ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകി.

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ നിരക്കിലാണ്. കൂടാതെ സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ നിരക്കിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ക്ഷീരവികസനവകുപ്പിൽ നിന്ന് 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ ഒരു രൂപവീതം സബ്സിഡി ലഭിച്ചിരുന്നുവെന്നും ക്ഷീരവികസനവകുപ്പിൽ നിന്ന് സബ്സിഡി ലഭ്യമാകുന്ന മാസങ്ങളിൽ 3രൂപ വീതവും വകുപ്പിൽ നിന്നും സബ്സിഡി ലഭ്യമാകാത്ത തുടർന്നുള്ള മാസങ്ങളിൽ 4 രൂപ വീതവും പഞ്ചായത്ത് ഫണ്ടിൽ നിന്നും സബ്സിഡി നൽകുന്ന രീതിയാണ് മുൻവർഷവും സ്വീകരിച്ചിരുന്നതെന്നും ഇതിൽ തെറ്റുള്ള പക്ഷം തുടർവർഷങ്ങളിൽ 3 രൂപ വച്ച് മാത്രമേ നൽകുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്കനുസൃതമല്ലാതെ പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്ന് 1 രൂപ നിരക്കിൽ അധികം നൽകിയ തുക ക്ഷീരവികസന വകുപ്പിൽനിന്ന് ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 6/27.10.21.

1-13 വസ്തു നികുതി കുറവായി ഈടാക്കി

2019-20 സാമ്പത്തിക വർഷം ശ്രീ.ബിജോയ് ജോൺ ജോർജ്ജ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് XV/1775 മുതൽ XV/1782 വരെ നമ്പരുകൾ നൽകി 528.34 ച.മീ വിസ്തീർണ്ണത്തിന് വസ്തു നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടിയാൻ സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 715ച.മീ (Ground Floor - 317ച.മീ, First Floor - 373ച.മീ, Head Room - 25ച.മീ) വിസ്തീർണ്ണമുണ്ട്. പഞ്ചായത്തിൽ നിന്നും വസ്തു നികുതി നിർണ്ണയിക്കുന്നതിന് കടമുറികളുടെ വിസ്തീർണ്ണം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതു ഉപയോഗത്തിനായി മാറ്റി വച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഭാഗങ്ങളുടെ (സ്റ്റെയർ റൂം, പൊതുവായ ഉപയോഗത്തിനുള്ള ഹാൾ മുതലായവ) വിസ്തീർണമായ 186.66ച.മീ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പരിഗണിച്ചിട്ടില്ല. വസ്തു നികുതി കുറവായി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(4) ൽ 'ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾനിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഓരോ ഭാഗത്തെയും വേറെ വേറെ

കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്. ' എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ പ്രസ്തുത കെട്ടിടത്തിൽ പൊതു ഉപയോഗത്തിനായി മാറ്റി വച്ചിരിക്കുന്ന കെട്ടിടത്തിന്റെ ഭാഗങ്ങളുടെ (സ്റ്റെയർ റൂം, പൊതുവായ ഉപയോഗത്തിനുള്ള ഹാൾ മുതലായവ) 186.66ച.മീ വിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് വസ്തു നികുതി നിർണ്ണയിക്കേണ്ടതും 2019-20 മുതലുള്ള നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 10/30.10.2021

## 1-14 കോൺട്രിബ്യൂട്ടറി പെൻഷൻ -ഈടാക്കി ഒടുക്കു വരുത്തിയില്ല

സർക്കാർ ഉത്തരവ് (പി).44/2019.ധന. തീയതി 4-4-19 പ്രകാരം 1-1-18 മുതൽ 30-04-19 വരെയുള്ള ഡി.എ കുടിശ്ശിക വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് മേയ് 2019ലെ ബില്ല് പ്രകാരം അനുവദിച്ചിട്ടുണ്ട് [വൗച്ചർ നം: 219000125തീയതി 24-5-19, 255687/- രൂപ]. എന്നാൽ കോൺട്രിബ്യൂട്ടറി പെൻഷൻ വരിക്കാരായ ജീവനക്കാരുടെ ശമ്പളവും ഡി.എയും ചേർന്ന തുകയുടെ 10% തുക പെൻഷൻഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടത് നിർബന്ധമാണ്. എന്നാൽ ഡി.എ. കുടിശ്ശിക അനുവദിച്ചിരിക്കുന്ന കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശിക തുകയിൽ നിന്നും 10% പെൻഷൻ വിഹിതം കിഴിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | അനുവദിച്ച തുക | ലീവ് സറണ്ടർ | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|---|---|---|
| 1 | രാജി | ക്ലാർക്ക് | 15088 | 0 | 1509 | 1509 |
| 3 | പ്രീത | ക്ലാർക്ക് | 11075 | 0 | 1108 | 1108 |
| 4 | ജിജി | ക്ലാർക്ക് | 13292 | 0 | 1329 | 1329 |
| 5 | റീസാ | ഓഫീസ് അറ്റന്റന്റ് | 10405 | 0 | 1041 | 1041 |
| 6 | ദിവ്യ | ക്ലാർക്ക് | 13189 | 0 | 1319 | 1319 |

ജീവനക്കാരുടെ കുടിശ്ശിക ശമ്പളത്തിന്റെ 10% തുകയും സമാന തുക പഞ്ചായത്ത് വിഹിതവും ചേർത്ത് എൻ.പി.എസ്സിൽ ഒടുക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവനപദ്ധതി പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ – 151/2020

പ്രോജക്ട് – ലൈഫ് ഭവന പദ്ധതി (എസ്.സി.പി)

ലൈഫ് ഭവനപദ്ധതി ഗുണഭോക്താവായ കൊച്ചുകുഞ്ഞ്, ചരുവിള പുത്തൻ വീട് അമ്പലം കുന്ന് നാളിതുവരെ 300000/- രൂപ കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല.

ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തുക തിരികെ ഈടാക്കാൻ പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകി

എന്നറിയിച്ചിട്ടുണ്ട്. അടിയന്തിരമായി തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/28.10.2021

1-16 വീട്ടു മെയിന്റനൻസ് പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ - 149/20

2018-19 വർഷം തുടങ്ങിയ വീട്ടു മെയിന്റനൻസ് എന്ന പ്രോജക്ടിനായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനായി ടി പ്രോജക്ടുകൾ 2019-20 വർഷം സ്പിൽ ഓവർ ആയി. എന്നിരുന്നാലും നാളിതുവരെ പണി പൂർത്തിയാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| സാവിത്രി, മുണ്ടുകൈതയിൽ, ചരുവിള പുത്തൻ വീട് | 20000/- | 30-01-19 |
| മുകേഷ് വി, ശോഭനാ വിലാസം, കരിങ്ങന്നൂർ | 20000/- | 19-3-19 |
| സരസ്വതി, പുതുമംഗലത്ത്, കരിങ്ങന്നൂർ | 20000/- | 19-3-2019 |

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഗുണഭോക്താവായ ശ്രീമതി സാവിത്രി 19865/- രൂപയുടെ വാല്യുവേഷൻ ആണ് ഹാജരാക്കിയതെന്നും ശ്രീ. മുകേഷ് ആശുപത്രി ആവശ്യത്തിന് തുക ചെലവഴിച്ചു എന്നും അറിയിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിന് അനുവദിച്ച തുക ചികിത്സാ ചെലവിന് ഉപയോഗിച്ചു എന്ന മറുപടി അംഗീകരിക്കുന്നില്ല. പണി പൂർത്തീകരിച്ചോ തുക തിരികെ ഈടാക്കിയോ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/28.10.2021

1-17 ഔദ്യോഗിക വാഹനത്തിലെ ഇന്ധനം ഉപയോഗം സംബന്ധിച്ച്

KL 24 J 123 Bolero Jeep ന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 2019 ഒക്ടോബർ മാസം വരെ മാത്രമേ Abstract എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളൂ. കൂടാതെ 2019-2020, വർഷത്തിൽ വാഹനത്തിന് നടത്തിയ മെയിന്റനൻസ് വിവരങ്ങൾ ലോഗ്ബുക്കിൽ എഴുതിയിട്ടില്ല.

21.5.19 മുതൽ വാഹനത്തിന് 13 Km/litre ആണ് PWD Asst. Executive Engineer Mechanical Division മൈലേജ് സർട്ടിഫൈ ചെയ്ത് നൽകിയത്. ഓഫീസിൽ 7/19 ലാണ് കത്ത് സ്വീകരിച്ചിട്ടുള്ളത്. 2019 ജൂലൈ മുതൽ വാഹനത്തിന്റെ മൈലേജ് കണക്കാക്കിയത് 13 Km/litre പ്രകാരമല്ല. ലോഗ് ബുക്കിലെ വിവരം ചുവടെ ചേർക്കുന്നു.

1)7/19

7/19- ൽ വാഹനം ആകെ ഓടിയ കിലോമീറ്റർ = 2508 കി.മീറ്റർ

7/19- ൽ ലോഗ് ബുക്ക് പ്രകാരമുള്ള ഡീസൽ ഉപയോഗം = 209 ലിറ്റർ

ഫ്യൂവൽ എഫിഷ്യൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഡീസൽ ഉപയോഗം = 192.92 ലിറ്റർ (13 Km/litre)

ഫ്യൂവൽ എഫിഷ്യൻസിയിലധികമായി ഉപയോഗിച്ച ഡീസൽ = 16.08 ലിറ്റർ

8/19

8/19- ൽ വാഹനം ആകെ ഓടിയ കിലോമീറ്റർ = 1876 കി.മീറ്റർ

8/19- ൽ ലോഗ് ബുക്ക് പ്രകാരമുള്ള ഡീസൽ ഉപയോഗം = 156 ലിറ്റർ

ഫ്യൂവൽ എഫിഷ്യൻസി സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഡീസൽ ഉപയോഗം = 144.30 ലിറ്റർ

ഫ്യുവൽ എഫിഷ്യൻസിയിലധികമായി ഉപയോഗിച്ച ഡീസൽ = 11.7 ലിറ്റർ

Fuel Efficency Certificate പ്രകാരം 13 Km/liter എന്ന കണക്കിൽ അല്ല ലോഗ്ബുക്ക് എഴുതിയിട്ടുള്ളത്. മൈലേജ് സംബന്ധിച്ച അപാകത കാണിച്ച് നൽകിയ എൻക്വയറിയ്ക്ക് പൊതു നിരത്തിൽ ഓടിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ മൈലേജ് യഥാർത്ഥത്തിൽ ലഭിക്കുന്നില്ല എന്ന സാങ്കേതിക ബുദ്ധിമുട്ട് ചൂണ്ടികാട്ടി PWD Asst. Executive Engineer Mechanical Division-ന് കത്ത് നല്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

PWD Asst. Executive Engineer Mechanical Division നൽകുന്ന മൈലേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാവണം ലോഗ് ബുക്ക് എഴുതേണ്ടത്. അല്ലാത്ത പക്ഷം അധിക ഡീസൽ ഉപയോഗം സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നതാണ്. PWD Asst. Executive Engineer Mechanical Division-ന് നല്കകിയ കത്തിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 18/20-21/01.11.2021

1-18 കാഷ്വൽ സ്വീപ്പർക്ക് അധിക വേതനം നൽകി 11265/- രൂപ നിരാകരിക്കുന്നു.

ദിവസവേതന പി.റ്റി.എസ് -അനുവദനീയമായതിലും അധികം തുക നൽകി സർക്കാർ ഉത്തരവ് (പി) 61/ 2010 ധന തീയതി 09 - 02 - 2010 ഖണ്ഡിക 5, 6 എന്നിവ പ്രകാരം ഏതു കാരണത്താലായാലും താൽക്കാലികാടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർമാരെ നിയമിക്കേണ്ടി വരുമ്പോൾ ക്വാഷ്വൽ സ്വീപ്പർമാരെ കുടുംബശ്രീ വഴി റൊട്ടേഷൻ വ്യവസ്ഥയിൽ 179 ദിവസത്തേക്ക് നിയമിക്കണമെന്നും കാഷ്വൽ സ്വീപ്പർക്ക് ബാധകമായ ശമ്പളനിരക്കുകൾ നൽകണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവിന് വിരുദ്ധമായി നിയമനം നടത്തുകയും അധിക വേതനം ( 2019 -20 വർഷം കാഷ്യൽ സ്വീപ്പറിന് ബാധകമായ ശമ്പളം പ്രതിമാസം 6000/- രൂപ കൺസോളിഡേറ്റഡ്) നൽകുകയും ചെയ്തിരിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ | നൽകിയ നിരക്ക് (രൂപ) | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) |
|---|---|---|---|---|---|
| 4/19 | 2537230/ 2-4-19 | 275 | 6825 | 6000 | 825 |
| 5/19 | 2537237/ 2-5-19 | 275 | 6825 | 6000 | 825 |
| 6/19 | 2692921/1-6-19 | 275 | 7098 | 6000 | 1098 |
| 7/19 | 2692924/ 1-7-19 | 275 | 6825 | 6000 | 825 |
| 8/19 | 283232/3-8-19 | 273 | 7371 | 6000 | 1371 |
| 9/19 | 283259/2-9-19 | 273 | 7371 | 6000 | 1371 |
| 10/19 | 2692932/01-10-19 | 273 | 6552 | 6000 | 552 |
| 11/19 | 2692936/01-11-19 | 273 | 7098 | 6000 | 1098 |
| 12/19 | 2692940/2-12-19 | 275 | 6825 | 6000 | 825 |
| 1/20 | 0204301/01-01-20 | 275 | 6825 | 6000 | 825 |
| 2/20 | 204304/01-02-20 | 273 | 7098 | 6000 | 1098 |
| 3/20 | 204308/2-3-20 | 273 | 6552 | 6000 | 552 |
| | | | | ആകെ – | 11265/- |

അധികം നൽകിയ 11265/- രൂപാ നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. ആയതിനാൽ 11265/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

നിരാകരിച്ച തുക: 11265/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ:20/01.11.2021

1-19 ദേശീയ തൊഴിലുറപ്പ് പദ്ധതി

2019- 2020 സാമ്പത്തിക വർഷത്തിൽ 2220 കുടുംബങ്ങൾക്കായി 1,32,438 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 958 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 5,77,45,785/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം, കിണർ, തൊഴുത്ത്, കോഴിക്കൂട്, റോഡ് നിർമ്മാണ പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഇല്ല.
6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
7. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
8. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-20 വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ട്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

പ്രോജക്ട് – കുടിവെള്ളം ലഭ്യമല്ലാത്ത വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ (110/20)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ തുക – 5497306/- രൂപ

ചെലവ് – 1359200/- രൂപ

ചെലവ് - 140000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാൻറ്) ബിൽ നം. 6/11. 7.19

1219200/- രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം ) ചെക്ക് നം. 2537234/25.4.19

സെക്രട്ടറി നടപ്പിലാക്കിയ കുടിവെള്ളം ലഭ്യമല്ലാത്ത വെളിനെല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ – പ്രോജക്ടിൽ (നം. 110/20) എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 1359200/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 1359200/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 15/28.10.2021
തടസ്സപ്പെടുത്തുന്ന തുക – 1359200/- രൂപ

1-21 ബഡ്സ് സ്കൂൾ ടീച്ചറായി യോഗ്യതയില്ലാത്തവരെ നിയമിച്ചു.

അടങ്കൽ – 629400/- രൂപ
വികസനഫണ്ട് – 350000/- രൂപ
ബ്ലോക്ക് വിഹിതം – 279400/- രൂപ
ചെലവ് -

| ബിൽ നം. / ചെക്ക് നം. | തുക | ആകെ |
|---|---|---|
| 3/6.9.19 | 78675/- | 350000/- |
| 6/5.10.19 | 78675/- | |
| 11/7.11.19 | 78675/- | |
| 18/10.12.19 | 78675/- | |
| 23/25.1.20. | 35300/- | |
| 926372/12.2.20 | 122050/- | 279400/- |
| 926384/9.3.20 | 78675/- | |
| 926400/31.03.20 | 78675/- | |

അസി സെക്രട്ടറി നടപ്പിലാക്കിയ ബഡസ് സ്കൂൾ ടീച്ചർമാർക്കും, സഹായികൾക്കും വേതനമെന്ന പ്രോജക്ടിൽ (19/20) വികസന ഫണ്ട് സാധാരണ വിഹിതം ഉപയോഗിച്ച് 350000/- രൂപയും, 279400/- രൂപ ബ്ലോക്ക് വിഹിതത്തിൽ നിന്നും വേതനം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.
ബഡ്സ് സ്കൂളിൽ 2 ടീച്ചർമാരാണുള്ളത്. ഇതിൽ സ്പെഷ്യൽ ടീച്ചറായ ശ്രീമതി രഞ്ജിത TR, DEd Special Education (Hearing Impairment) യോഗ്യത പാസായതിനെ തുടർന്ന് സ.ഉ (എം.എസ് ) നം 20/2018/തസ്വഭവ തീയതി: 07.02.2018 ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ടീച്ചറായ ശ്രീമതി രഞ്ജിത TR ന് 30.07.2019-ലെ കമ്മറ്റി തീരുമാനം നം.1 പ്രകാരം 30675/- രൂപയായി വേതനം വർദ്ധിപ്പിച്ച് 2019 ജൂലൈ മാസം മുതൽ പുതിയ ശമ്പളം നൽകിയിട്ടുണ്ട്.'

സ്പെഷ്യൽ ടീച്ചറായ ശ്രീമതി സീമാ ജേക്കബിനും മേൽപറഞ്ഞ TR, DEd Special Education (Hearing Impairment) യോഗ്യതയാണുള്ളത്.
പഞ്ചായത്തിലെ ബഡ് സ്കൂളിൽ നിലവിൽ 26 കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ 24 കുട്ടികളും Mental Retardation കുട്ടികളാണ്. 2 കുട്ടികൾ Multiple Disability ഉള്ളവരും. 99% കുട്ടികളും MR - വിഭാഗത്തിൽ പെടുന്ന കുട്ടികളാണ്. എന്നാൽ കുട്ടികളെ പഠിപ്പിക്കുന്ന 2 അദ്ധ്യാപകർക്കും ഹിയറിംഗ് ഇംപയർമെന്റ് യോഗ്യതകൾ ഉള്ളവരാണ്. കേൾവി പ്രശ്നമുള്ള ഒരു കുട്ടി പോലും ബഡസ് സ്കൂളിൽ പഠിക്കുന്നില്ല.
ഓരോ വർഷവും കരാർ പുതുക്കി കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ഭൂരിഭാഗം കുട്ടികളും MR വിഭാഗത്തിൽ ഉള്ളവരാണ്. എന്നാൽ MR യോഗ്യതയുള്ള ഒരാളെ പോലും പഞ്ചായത്ത് നിയമിച്ചിട്ടില്ലാത്തതാണ്. ഒരേ യോഗ്യതയുള്ള രണ്ട് പേരെയാണ് 2017 മുതൽ നിയമിച്ചിട്ടുള്ളത്. ആയതിനാൽ മേൽവിഷയവുമായി ബന്ധപ്പെട്ട അഭിപ്രായം രേഖാമൂലം അറിയിക്കേണ്ടതാണെന്ന്

കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഭൂരിഭാഗം കുട്ടികളും MR വിഭാഗത്തിൽ പ്പെട്ട കുട്ടികൾ ആയതിനാൽ 2 ടീച്ചർമാരിൽ ഒരാളെങ്കിലും MR യോഗ്യത നേടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 1/18 10.2021

1-22 സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ പ്രോജക്ടിൽ സബ്സിഡി തുകയും,ബാക്കി തുകയും ലഭിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അനർട്ട് മുഖാന്തിരം നടപ്പിലാക്കിയ വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലും (പ്രോജക്ട് നം. 116/20), ഓയൂർ എൽ.പി. സ്കൂളിലും (പ്രോജക്ട് നം. 118/19) സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ പ്രോജക്ടുകളിൽ സബ്സിഡി ഇനത്തിലും, സോളാർ പ്ലാന്റിന്റെ ശേഷി കുറച്ചതിലൂടെയും ലഭിക്കേണ്ട ബാക്കി തുകയും നാളിതുവരെ പഞ്ചായത്തിന് അനർട്ട് തിരികെ നൽകിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.
2017-2018 ൽ ആരംഭിച്ച സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ 2019- 2020 വർഷത്തിൽ മാത്രമാണ് പൂർത്തിയായത്. 10 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റിന്റെ തുക അനർട്ടിൽ ഒടുക്കിയിട്ട് 4 കിലോവാട്ട് ശേഷിയുള്ള പ്ലാന്റാണ് സ്ഥാപിച്ചത്. ANERT-ൽ രജിസ്റ്റർ ചെയ്യുന്നതിന് 12.01.2018-ൽ 1000/- യുടെ രൂപ Demand Draft (No 89188) ഡയറക്ടർ അനർട്ട്, തിരുവനന്തപുരം എന്ന വിലാസത്തിൽ എടുത്തത് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. 23.10.18-ലെ 79/FS & DW/ANERT Kollam-ത്തിന്റെ കത്തിൽ ജില്ലാ എൻജിനീയർ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന കെട്ടിടങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 5 Kw ഓഫ് ഗ്രിഡായും, ഓയൂർ എൽപി സ്കൂളിൽ 10 Kw ഓൺ ഗ്രിഡായും സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണെന്ന് കാണിച്ച് കത്ത് നൽകിയിട്ടുണ്ട്. ആദ്യം KSEB ഓയൂർ ഇലക്ട്രിക്കൽ Division 07.12.2018-ൽ 10 KW - ന് Feasibiity നല്കിയതിന് ശേഷം വീണ്ടും 10.06.2020-ൽ 4 KW - ന് Feasibility നല്കിയിട്ടുണ്ട്. 01. 11. 2019-ലെ ANERT -ന്റെ 79/FS & DW/ANERT Kollam കത്ത് പ്രകാരം Supply, Installation And Commissioning Of 10 KW On Grid Solar Plant Including Service Charges 605000/- രൂപയും, Supply, Installation And Commissioning Of 5 KW Off Grid Solar Plant Including Service Charges 605000/- രൂപയുമാണ്.
07.12.18-ലെ Feasibility യുടെ അടിസ്ഥാനത്തിൽ ബിൽ നം.19/26.3.20 പ്രകാരം ഓയൂർ എൽപി സ്കൂളിൽ 10 Kw ഓൺ ഗ്രിഡ് സ്ഥാപിക്കുന്നതിന് വേണ്ടി മെയിന്റനൻസ് നോൺ റോഡ് ഫണ്ടിൽ നിന്നും 605000/- രൂപയും, പഞ്ചായത്തിൽ 5 Kw ഓഫ് ഗ്രിഡ് സ്ഥാപിക്കുന്നതിന് വേണ്ടി ബിൽ നം.19/26.3.20 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 605000/- രൂപയും ഒടുക്കിയിട്ടുണ്ട്. പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള എഗ്രിമെന്റ് (26.10.2019) ANERT-മായി സെക്രട്ടറി ഒപ്പുവെച്ചിട്ടുണ്ട്.
പദ്ധതി പരിശോധനാവിവരം ചുവടെ ചേർക്കുന്നു.
1) ANERT - ൽ അധികം ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല.
M/s. Hykon India Ltd -എന്ന സ്ഥാപനത്തിന് അനർട്ട് നൽകിയ സപ്ലൈ ഓർഡർ പ്രകാരം (04.11.20) എൽ.പി. സ്കൂളിൽ 4 KW പ്ലാന്റ് സ്ഥാപിക്കുന്നതിന് Supply, Installation And Commissioning ചാർജ്ജ് ആയി 235200/- രൂപയും, M/s Power On Microsystem Pvt Ltd എന്ന സ്ഥാപനത്തിന് സപ്ലൈ ഓർഡർ പ്രകാരം (29.06.21) പഞ്ചായത്തിൽ 5 Kw ഓഫ് ഗ്രിഡ് സ്ഥാപിക്കുന്നതിന് Supply, Installation And Commissioning ചാർജ്ജ് ആയി 657459/- രൂപയ്ക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് അനർട്ട് കത്ത് നൽകിയിട്ടുണ്ട്. 2 പ്രവർത്തികൾക്കുമായി 892659/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ആകെ

1210000/- രൂപയാണ് അനർട്ടിൽ ഒടുക്കിയിട്ടുള്ളത്. ബാക്കി തുകയായ 317341/- രൂപ തിരികെ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് 293821/- രൂപ തിരികെ അടപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. തിരികെ ലഭിക്കാനുള്ള തുകയിലെ വ്യത്യാസം പരിഹരിക്കേണ്ടതാണ്. അധികം നൽകിയ 317341/- രൂപ തിരികെ ലഭിക്കുന്നത് വരെ ടി തുകയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തുക തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിച്ച് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

2) സബ്സിഡി ലഭ്യമാകാത്തത് സംബന്ധിച്ച്

ബഞ്ച് മാർക്കിന്റെയോ / ടെൻഡർ തുകയുടെയോ ഏതാണോ കുറവ് ആയതിന്റെ 30% സബ് സിഡി MNRE സ്കീം പ്രകാരം (Minisitry Of New Renewable Energy), 2019-2020-ൽ നല്കി യിരുന്നു. പഞ്ചായത്തിൽ സ്ഥാപിച്ച 5 Kw ഓഫ് ഗ്രിഡ് സോളാർ പ്ലാന്റിന് വേണ്ടി 6,57,459/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ ഗുണഭോക്താവായ പഞ്ചായത്തിന് സബ്സിഡി ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് സബ്സിഡി ലഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. 30% സബ്സിഡി ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സത്തിൽ വെയ്ക്കുന്ന തുക : 317341/- രൂപ

ഓഡിറ്റ് എൻക്വയറിനം. 6/25.10.2021

## 1-23 മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 17 വാർഡുകളിലെയും വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മറ്റിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ ശുചിത്വമിഷന്റെ ഫണ്ട് 10,000/-രൂപയും, പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയ 5,000/- രൂപയും പൂർണ്ണമായും ചെലവഴിക്കാതെ താഴെ പറയുന്ന വാർഡുകളിലെ വാർഡ് സാനിട്ടേഷൻ സമിതി അക്കൗണ്ടിൽ സൂക്ഷിക്കുന്നു.വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | ചെലവഴിക്കാതെ അവശേഷിക്കുന്ന തനത് ഫണ്ട്(രൂപ) | ചെലവഴിക്കാതെ അവശേഷിക്കുന്ന ശുചിത്വ മിഷൻഫണ്ട്(രൂപ) |
|---|---|---|
| 12 | - | 2000/- |
| 15 | 190/- | 915/- |
| 7 | 530/- | - |
| 10 | 2800/- | 2060/- |
| 3 | 5000/- | 10000/- |

എന്നാൽ സിഎച്ച്സി മെഡിക്കൽ ഓഫീസർ, 2019-2020-ലെ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

മേൽ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് സാനിട്ടേഷൻ സമിതിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 23495/- രൂപ തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 1/18.10.2021

## 1-24 നടത്താത്ത പദ്ധതിക്കായി തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതി | 48/19-20 |

| | |
|---|---|
| | ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള |
| അടങ്കൽ | 1,00,000/-<br>(75,000/- വികസന ഫണ്ട്(ജനറൽ)<br>25,000/- തനത് ഫണ്ട്) |
| ചെലവ് | 1,00,000<br>ബിൽ നം. 20/19.03.20 – 40,000/-<br>ബിൽ നം. 21/19.03.20 – 35,000/-<br>ചെക്ക് നം. 926392/17.03.20 – 25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള നടത്തി പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സമ്മാനം നൽകി കുട്ടികളെ പ്രോൽസാഹിപ്പിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. 2019 -20 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട പദ്ധതി ഓഡിറ്റ് തീയതി വരെ നടപ്പിലാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള നടത്തുന്നതിന്, കുട്ടികൾക്ക് റിഫ്രഷ്മെന്റ് , ഭക്ഷണം, സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പടെ 75,000/- രൂപവരെ പരമാവധി ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തേണ്ടിയിരുന്നതും എന്നാൽ നിലവിലും നടപ്പിലാക്കാത്തതുമായ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും 75,000/- രൂപയും തനത് ഫണ്ടിൽ നിന്നും 25,000/-രൂപയും ഉൾപ്പടെ 1,00,000/- രൂപ ചെലവഴിച്ചു.

നാളിതുവരെ നടപ്പിലാക്കാത്ത പദ്ധതിക്ക് മുന്നൂറ് പേർക്ക് ഭക്ഷണം നൽകിയ ചെലവിനത്തിൽ ബ്രദേഴ്സ് ഹോട്ടൽ, റോഡ് വിള എന്ന സ്ഥാപനം ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിൽ നൽകിയ 423/5.3.20 നമ്പർ ബിൽ പ്രകാരം ശ്രീമതി. ശാന്തികൃഷ്ണ എന്ന താൽക്കാലിക അങ്കണവാടി വർക്കറുടെ പേരിൽ വികസന ഫണ്ടിൽ നിന്നും 40,000/- രൂപ നൽകി. കൂടാതെ 100 ട്രോഫികൾ വാങ്ങിയതിന് കുന്നത്ത് ട്രെഡേഴ്സ്, റോഡ് വിള എന്ന സ്ഥാപനം ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിൽ നൽകിയ 90/05.03.20 നമ്പർ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും 35,000/- രൂപ നൽകി. പ്രസ്തുത വാങ്ങലിന് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 25,000/-രൂപ 17.03.2020 തീയതിയിലെ 926392 നമ്പർ ചെക്ക് പ്രകാരം ശ്രീമതി. ശാന്തികൃഷ്ണ എന്ന താൽക്കാലിക അങ്കണവാടി വർക്കർക്ക് നൽകി. ടി തുക 19.03.2020 ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചു. ആയതിന്റെ ചെലവു രേഖകൾ ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് നിമിത്തമാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതെന്നും " അഡ്വാൻസ് തന്ന വ്യക്തിക്ക് പണം മാറി കൊടുക്കേണ്ടി വന്നതിനാൽ പ്രസിഡന്റിനോടും വൈസ് പ്രസിഡന്റിനോടും ആലോചിച്ച് ബില്ലുകൾ മാറി നൽകുകയായിരുന്നു" എന്നും ആകെ ചെലവുതുകയായ 1 ലക്ഷം രൂപയിൽ ട്രോഫികൾക്കായി ചെലവഴിച്ച 35,000/- രൂപ കഴിച്ച് 65,000/- രൂപ, ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ കരിങ്ങന്നൂർ ശാഖയിലെ 65,000/- രൂപയുടെ

ചെക്കും(ചെക്ക് നം. 054367തീയതി 01.10.20) എഗ്രിമെന്റും വാങ്ങി ശ്രീമതി. ശാന്തികൃഷ്ണയ്ക്ക് നൽകിയെന്നും 30.10.2021-ന് കരിങ്ങന്നൂർ സ്കൂളിൽ വച്ച് പ്രസ്തുത പരിപാടി നടത്താൻ ശ്രമിച്ചുവെങ്കിലും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ സാധിച്ചില്ല എന്നും അറിയിച്ചിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി പരിഗണനാർഹമല്ല. പദ്ധതി നിർവ്വഹണം നടത്താതെ തുക മുൻകൂറായി പിൻവലിച്ച് താൽക്കാലിക ചുമതല വഹിച്ച അങ്കണവാടി വർക്കറുടെ പേരിൽ തുക അനുവദിക്കുകയും തത്തുല്ല്യമായ തുകയ്ക്ക് കാലഹരണപ്പെട്ടതും നിയമ സാധുതയില്ലാത്തതുമായ സെക്യൂരിറ്റി ചെക്ക് വാങ്ങി സൂക്ഷിക്കുകയും ചെയ്തത് അനുവദനീയമല്ല. കൂടാതെ സർക്കാർ ഉത്തരവിൽ പരമാവധി 75,000/- രൂപവരെ മാത്രമെ ചെലവഴിക്കാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്ന പദ്ധതിക്ക് 1,00,000/- രൂപ ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. ആയതിനാൽ ടി പദ്ധതിയിൽ ട്രോഫി വാങ്ങുന്നതിനായി ചെലവഴിച്ച 35,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും 65,000/- രൂപയുടെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു. പ്രസ്തുത വിഷയം ഭരണവകുപ്പ് തുടരന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 9/29.10.21, 19/01.11.21

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നടത്താത്ത പദ്ധതിക്കായി തുക ചെലവഴിച്ചു

| | |
|---|---|
| പദ്ധതി | 48/19-20<br>ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള |
| അടങ്കൽ | 1,00,000/-<br>(75,000/- വികസന ഫണ്ട്(ജനറൽ)<br>25,000/- തനത് ഫണ്ട്) |
| ചെലവ് | 1,00,000<br>ബിൽ നം. 20/19.03.20 – 40,000/-<br>ബിൽ നം. 21/19.03.20 – 35,000/-<br>ചെക്ക് നം. 926392/17.03.20 – 25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |

പഞ്ചായത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള നടത്തി പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സമ്മാനം നൽകി കുട്ടികളെ പ്രോൽസാഹിപ്പിക്കുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തത്. 2019 -20 സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട പദ്ധതി ഓഡിറ്റ് തീയതി വരെ നടപ്പിലാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി കാലയളവിലെ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധമായ 14. 12. 18 ലെ സ.ഉ( കൈ) നം 22/18/തസ്വഭവ ഉത്തരവിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള നടത്തുന്നതിന്, കുട്ടികൾക്ക് റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പടെ 75,000/- രൂപവരെ പരമാവധി ചെലവഴിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തേണ്ടിയിരുന്നതും എന്നാൽ നിലവിലും നടപ്പിലാക്കാത്തതുമായ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാകായിക മേള എന്ന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും 75,000/- രൂപയും തനത് ഫണ്ടിൽ നിന്നും 25,000/-രൂപയും ഉൾപ്പടെ 1,00,000/- രൂപ ചെലവഴിച്ചു.

നാളിതുവരെ നടപ്പിലാക്കാത്ത പദ്ധതിക്ക് മുന്നൂറ് പേർക്ക് ഭക്ഷണം നൽകിയ ചെലവിനത്തിൽ ബ്രദേഴ്സ് ഹോട്ടൽ, റോഡ് വിള എന്ന സ്ഥാപനം ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിൽ നൽകിയ 423/5.3.20 നമ്പർ ബിൽ പ്രകാരം ശ്രീമതി. ശാന്തികൃഷ്ണ എന്ന താൽക്കാലിക അങ്കണവാടി വർക്കറുടെ പേരിൽ വികസന ഫണ്ടിൽ നിന്നും 40,000/- രൂപ നൽകി. കൂടാതെ 100 ട്രോഫികൾ വാങ്ങിയതിന് കുന്നത്ത് ട്രെഡേഴ്സ്, റോഡ് വിള എന്ന സ്ഥാപനം ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിൽ നൽകിയ 90/05.03.20 നമ്പർ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും 35,000/- രൂപ നൽകി. പ്രസ്തുത വാങ്ങലിന് ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും വകയിരുത്തിയ 25,000/-രൂപ 17.03.2020 തീയതിയിലെ 926392 നമ്പർ ചെക്ക് പ്രകാരം ശ്രീമതി. ശാന്തികൃഷ്ണ എന്ന താൽക്കാലിക അങ്കണവാടി വർക്കർക്ക് നൽകി. ടി തുക 19.03.2020 ൽ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും പിൻവലിച്ചു. ആയതിന്റെ ചെലവു രേഖകൾ ഹാജരാക്കിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് നിമിത്തമാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്തതെന്നും " അഡ്വാൻസ് തന്ന വ്യക്തിക്ക് പണം മാറി കൊടുക്കേണ്ടി വന്നതിനാൽ പ്രസിഡന്റിനോടും വൈസ് പ്രസിഡന്റിനോടും ആലോചിച്ച് ബില്ലുകൾ മാറി നൽകുകയായിരുന്നു" എന്നും ആകെ ചെലവുതുകയായ 1 ലക്ഷം രൂപയിൽ ട്രോഫികൾക്കായി ചെലവഴിച്ച 35,000/- രൂപ കഴിച്ച് 65,000/- രൂപ, ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ കരിങ്ങന്നൂർ ശാഖയിലെ 65,000/- രൂപയുടെ ചെക്കും(ചെക്ക് നം. 054367തീയതി 01.10.20) എഗ്രിമെന്റും വാങ്ങി ശ്രീമതി. ശാന്തികൃഷ്ണയ്ക്ക് നൽകിയെന്നും 30.10.2021-ന് കരിങ്ങന്നൂർ സ്കൂളിൽ വച്ച് പ്രസ്തുത പരിപാടി നടത്താൻ ശ്രമിച്ചുവെങ്കിലും സ്കൂൾ തുറക്കുന്നതിന് മുന്നോടിയായുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ സാധിച്ചില്ല എന്നും അറിയിച്ചിരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി പരിഗണനാർഹമല്ല. പദ്ധതി നിർവ്വഹണം നടത്താതെ തുക മുൻകൂറായി പിൻവലിച്ച് താൽക്കാലിക ചുമതല വഹിച്ച അങ്കണവാടി വർക്കറുടെ പേരിൽ തുക അനുവദിക്കുകയും തത്തുല്ല്യമായ തുകയ്ക്ക് കാലഹരണപ്പെട്ടതും നിയമ സാധുതയില്ലാത്തതുമായ സെക്യൂരിറ്റി ചെക്ക് വാങ്ങി സൂക്ഷിക്കുകയും ചെയ്തത് അനുവദനീയമല്ല. കൂടാതെ സർക്കാർ ഉത്തരവിൽ പരമാവധി 75,000/- രൂപവരെ മാത്രമെ ചെലവഴിക്കാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്ന പദ്ധതിക്ക് 1,00,000/- രൂപ ചെലവഴിച്ചത് അംഗീകരിക്കാനാവില്ല. ആയതിനാൽ ടി പദ്ധതിയിൽ ട്രോഫി വാങ്ങുന്നതിനായി ചെലവഴിച്ച 35,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുകയും 65,000/- രൂപയുടെ ചെലവ് നിരാകരിക്കുകയും ചെയ്യുന്നു. പ്രസ്തുത വിഷയം ഭരണവകുപ്പ് തുടരന്വേഷണം നടത്തുന്നതിന് ശുപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം. 9/29.10.21, 19/01.11.21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 12.10.2021 | കെ.എസ്.എ.കെ.എൽ.എം.പി.3/1566/21 തീയതി - 17.05.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 350000 | ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് വേതനം | 279400 | 70600 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 250000 | ഭിന്ന ശേഷിയുള്ളകുട്ടികൾക്ക് സ്കോർഷിപ്പ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 4684 | ബഡ്സ് സ്കൂൾ ഭക്ഷണം | 4684 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 94400 | ബഡ്സ് സ്കൂൾ വാഹനം | 94400 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 33000 | ബഡ്സ് സ്കൂൾ വേതനം | 33000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 18736 | ബഡ്സ് സ്കൂൾ ഭക്ഷണം | 18736 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 150000 | ബഡ്സ് സ്കൂൾ കുട്ടികൾക്ക് ഭക്ഷണം | 7342 | 142658 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 277876 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 277876 | 0 |
| ജില്ലാ പഞ്ചായത്ത് | 2019/20 | 1219200 | പൈപ്പ് ലൈൻ നീട്ടൽ | 1219200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 1832835 | ലൈഫ് ഭവന നിർമ്മാണം | 1565846 | 266989 |
| ബ്ലോക്ക് പഞ്ചായത്ത് | 2019/20 | 478698 | ലൈഫ് ഭവന നിർമ്മാണം എസ് സി | 478698 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 21900734 | 989691/- | 0 | 989691/- |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900716 | 140000 | 0 | 140000 |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2537234/25.04.19 | 1219200 | 0 | 1219200 |
| അനർട്ട് | സോളാർ പ്ലാന്റുകൾ സ്ഥാപിക്കൽ | 19/26.03.20 | 1210000/- | 0 | 1210000/- |
| ഇറിഗേഷൻ വകുപ്പ് | ചെക്ക് ഡാം നിർമ്മാണം | | 5455266 | 0 | 5455266 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5660000/- രൂപ വരവുണ്ട്. മുൻബാക്കി 22554/- രൂപയടക്കം 5682554/- രൂപയിൽ 5682554/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ.188/15 /തസ്വഭവ /23.06.15 വായ്പ തുക - 19315284 | 0 | 14000856/- | 2759336/- | 1417771 | 11241520/- |
| ലൈഫ് | | 5660000/- | 14902554/- | 1426471/- | | 19136083/- |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2195000/- |
| തൻവർഷം നിക്ഷേപിച്ച തുക | 378638/- |
| ആകെ | 2573638/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2573638/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വെളിനെല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് | 25.08.16 | 3 വർഷം | 2573638/- | 25.07.19-ൽ കാലാവധി അവസാനിച്ചതിനെ തുടർന്ന് ഓരോ വർഷം വീതം പലിശ കൂട്ടി ചേർത്ത് പുതുക്കി വരുന്നു. |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ പാറക്വാറികൾക്ക് ലൈസൻസ് അനുവദിക്കൽ | വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 65000/- | ശ്രീമതി അമ്പിളി പി. വി, ICDS സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 1359200/- | ഷൈനി. ബി. എസ്, സെക്രട്ടറി |
| 1-22 | 317341/- | ഷൈനി. ബി. എസ്, സെക്രട്ടറി |
| 1-23 | 23495/- | ഡോ. അനിത, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-24 | 35000/- | ശ്രീമതി അമ്പിളി പി. വി, ICDS സൂപ്പർവൈസർ |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷൈനി. ബി. എസ്, സെക്രട്ടറി | സെക്രട്ടറി, വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് | വാസന്തിഭവനം, തഴുത്തല, കൊട്ടിയം |
| ഡോ. അനിത, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ | സൗപർണ്ണിക, ഹോസ്പിറ്റൽ ജംഗ്ഷൻ, പാറശ്ശാല |
| ശ്രീമതി അമ്പിളി പി. വി, ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ | വാസന്തം, ചാവർകോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(2), തീയതി, 22.3.18 | 24, 30, 39 | |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(3), തീയതി, 22.3.18 | 28, 29, 39 | 29 കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി | 2-2, 2-3,3-3 (എ, സി, | |

| | | | |
|---|---|---|---|
| | 3/421/18(4), തീയതി, 22.3.18 | ഡി) 3-7 | |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(5), തീയതി, 22.3.18 | 2-1, 3-1 , 3-5 3-8 | |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(6), തീയതി, 22.3.18 | 3-5,3-8, 3-14 | |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(7), തീയതി, 22.3.18 | 3-2(1,2,5,6,7,8, 9-മുതൽ 17 വരെ) | |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 3/421/18(8), തീയതി, 22.3.18 | 3-5, 3-15 | |
| 2005-2006 | കെ.എസ്.എ.കെ.എൽ എം.പി 3/421/18(9), തീയതി, 22.3.18 | 3-6 (1,3) | |
| 2006-2007 | കെ.എസ്.എ.കെ.എൽ എം.പി 3/811(1)/2019തീയതി,12.06.2019 | 2-1, 3-2, 3-3, 3-8 | |
| 2007-2008 | കെ.എസ്.എ.കെ.എൽ എം.പി 3/811(2)/2019തീയതി,12.06.2019 | 3-4, 3-5,3-7, 3-9 | |
| 2008-2009 | കെ.എസ്.എ.കെ.എൽ എം.പി 3/811(3)/2019തീയതി,12.06.2019 | 3-2, 3-4,3-5 | |
| 2009-2010 | കെ.എസ്.എ.കെ.എൽ എം.പി 3/811(4)/2019തീയതി,12.06.2019 | 2-1, 2-2, 3-2, 3-3 3-4, 3-5, 3-6, 3-9 | |
| 2010-2011 | കെ.എസ്.എ.കെ.എൽ എം.പി 3/811(5)/2019തീയതി,12.06.2019 | 2-1, 3-3 3-4 (1,2) , 3-5, 3-6, 3-8, 3-9, 3-11, 3-12 | |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7-621/14 /05.05.14/22.05.2014 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2012-2013 | എൽ.എഫ്.ക്യൂ.-പി-7/384 /2015/തീയതി, 4.4.2015 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | ഖ. 2-4 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-2014 & 2014-2015 | കെ.എസ്.എ/കെ.എൽ.എം. പി-7/937/ 2016/ തീയതി, 08.06.2016 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-7/224/ 2017/ തീയതി, 13.02.2017 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2016-17 | കെ.എസ്.എ/കെ.എൽ.എം.പി-3/1448/17/ തീയതി, 16.8.17 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2017-18 | കെ.എസ്.എ/കെ.എൽ.എം.പി-3/362/19 തീയതി-30.04.2019 | ഭാഗം 2ലെയും 3ലെയും എല്ലാ ഖണ്ഡികകളും | |
| 2018-19 | കെ.എസ്.എ/കെ.എൽ.എം.പി-3/316/20 തീയതി-9.6.2020 | എല്ലാ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്